ഉത്തരം

(എ) ഉണ്ട്

(ബി) സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഏകദേശം 37 ലക്ഷം രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വെമ്പായം ഗ്രാമപഞ്ചായത്തുവക 10 സെന്റ് സ്ഥലം കെ.എസ്.ഇ.ബി. ലിമിറ്റഡിന് പാട്ടക്കരാർ വ്യവസ്ഥയിൽ നൽകുന്നതിനുള്ള അനുമതിക്കായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയത്തിൽ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ടി സ്ഥലം അനുവദിച്ചു തരുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സി.എഫ്.എൽ. ലാമ്പ്മൂലമുള്ള നേത്ര രോഗങ്ങൾ

11 (4002) ശ്രീ. ഇ. കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എഫ്.എൽ. ലാമ്പുകളുടെ പ്രകാശം മാരകമായ നേത്ര രോഗങ്ങൾക്ക് കാരണമാവുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ഇ.ബി. യെ കമ്പനിയാക്കുന്ന നടപടികൾ

12 (4003) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്ഇ.ബി.-യെ കമ്പനിയാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലായെങ്കിൽ ഇത് ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ നടപടികളുമായി ബന്ധപ്പെട്ട് ആസ്തി-ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കമ്പനിവത്ക്കരണത്തിനുശേഷവും പെൻഷൻ വിഷയങ്ങളിലെ ജീവനക്കാരുടെ ആശങ്കകൾ പരിഹരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിന്റെ വ്യവസ്ഥകൾ അനുസരിച്ച് 25-9-2008-ലെ ഉത്തരവിലൂടെ സർക്കാരിൽ നിക്ഷിപ്തമാക്കിയിരുന്ന മുൻ സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകളെല്ലാം 31-10-2013-ലെ (പി) നമ്പർ 46/2013/ഊ.വ. ഉത്തരവു പ്രകാരം " കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (റീവെസ്റ്റിംഗ്), 2013 " എന്ന വിജ്ഞാപനത്തിലൂടെ 14-1-2011-ൽ രൂപീകൃതമായ 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ' എന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒറ്റ കമ്പനിയിലേക്ക് കേരള സർക്കാർ കൈമാറ്റം ചെയ്യുകയുണ്ടായി. ഇപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് 1956-ലെ കമ്പനീസ് ആക്ടിൻ കീഴിൽ സർക്കാർ കമ്പനിയായി പ്രവർത്തിച്ചു വരുന്നു.

(ബി) കമ്പനിവത്കരണവുമായി ബന്ധപ്പെട്ട ആസ്തി-ബാധ്യതകൾ തിട്ടപ്പെടുത്തി രണ്ടാം കൈമാറ്റ പദ്ധതിയിലെ വിവിധ പട്ടികകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടേയും പെൻഷൻകാരുടേയും പെൻഷൻ ആനുകൂല്യങ്ങൾ തുടർന്നും നൽകുന്നതിനും ആവശ്യമായ വ്യവസ്ഥകൾ 2013 -ലെ രണ്ടാം കൈമാറ്റ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാരും, കെ.എസ്.ഇ.ബി. ലിമിറ്റഡും, ജീവനക്കാരും ത്രികക്ഷിക്കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി ഒരു ഫണ്ട് രൂപീകരിക്കുന്നതിനും പെൻഷൻ വിതരണ ചുമതല ഏറ്റെടുത്ത് നടത്തുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിനും രണ്ടാം കൈമാറ്റ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly